1. സംസ്ഥാനത്ത് അഗ്രോ ബസാർ ശൃംഖലകൾ തുടങ്ങുന്നതിനായി 825 ലക്ഷം രൂപയുടെ പദ്ധതി.

2. സംസ്ഥാനത്ത് കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് പരിസരത്ത് ഹൈടെക് ഫാമും കാർഷിക വ്യാപാര കേന്ദ്രവും സ്ഥാപിക്കുന്നതിനായി 400 ലക്ഷം രൂപയുടെ പദ്ധതി.

3. സംസ്ഥാനത്ത് 13 കേന്ദ്രങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ, സോളാർ ഉപകരണങ്ങൾ, ഹൈടെക് കൃഷിക്കാവശ്യമായ സാമഗ്രികൾ, മഴവെള്ള സംഭരണികൾ ജൂവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വിൽക്കുന്ന കേന്ദ്രം ആരംഭിക്കുന്നതിനായി 130 ലക്ഷം രൂപയുടെ പദ്ധതി.

4. കോഴിക്കോട്ടും എറണാകുളത്തും അഗ്രോ തൊഴിൽ സേന സ്ഥാപിക്കുന്നതിനായി 80 ലക്ഷം രൂപയുടെ പദ്ധതി.

കേരള ബ്രാൻഡ് പദ്ധതി

136 (1546) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ കൃഷിക്കുവേണ്ടി "കേരള ബ്രാൻഡ് പദ്ധതി" നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) 'കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ജൈവ കൃഷിക്കുവേണ്ടി കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. പ്രാദേശിക. ഉല്പന്നങ്ങൾ മേന്മയനുസരിച്ച് അതിനു പ്രത്യേക ബ്രാൻഡ് നൽകി വിപണി വർദ്ധിപ്പിച്ച് കർഷകർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം.

(സി) 10-10-2013-ലെ സ.ഉ.(സാധാ) നമ്പർ 1809/13/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ ഓരോ താലൂക്ക് വീതം ജൈവ താലൂക്കുകളായി മാറ്റുവാൻ ഉത്തരവായിട്ടുണ്ട്.

(ഡി) 2013-14 സാമ്പത്തിക വർഷത്തിലും 2014-15 സാമ്പത്തിക വർഷത്തിലും ഉപധനാഭ്യർത്ഥനയിൽ 1000 (ആയിരം രൂപ മാത്രം) ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിരുന്നു. കേന്ദ്ര സഹായം ലഭ്യമായിട്ടില്ല.

കോട്ടയം ജില്ലയിൽ പുഞ്ചകൃഷിക്ക് സബ്സിഡി

137 (1547) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ പുഞ്ചകൃഷിക്ക് പമ്പിംഗ് നടത്തിയ വകയിൽ കൊടുത്തു തീർക്കുവാനുള്ള സബ്സിഡിക്കുള്ള അപേക്ഷകൾ എത്രയെണ്ണം 2014-15 സാമ്പത്തിക വർഷം സർക്കാരിന്റെ പരിഗണനയിലുണ്ട് ;

(ബി) ഇവയിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചു; എത്രയെണ്ണം തീർപ്പു കൽപ്പിക്കാതെ മാറ്റിവച്ചിരിക്കുന്നു ; ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) വിളവ് എടുത്തില്ലായെങ്കിൽ പമ്പിംഗ് സബ്സിഡി ലഭിക്കില്ല എന്ന മാനദണ്ഡം നിലവിലുണ്ടോ ; ഇക്കാര്യം പമ്പിംഗ് നടത്തിയ കർഷകരെ ഏറെ ദുരിതത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 222 എണ്ണം

(ബി) 222 എണ്ണവും തീർപ്പ് കല്പിച്ചു.

(സി) വില്ലേജ് ഓഫീസറുടെ വിത നിപ്പോർട്ട്, കൃഷി ഓഫീസറുടെ വിളവെടുപ്പ് സർട്ടിഫിക്കറ്റ് എന്നിവ അടിസ്ഥാനമാക്കി പുഞ്ച സ്പെഷ്യൽ ഓഫീസിൽനിന്നും അന്വേഷണം നടത്തിയാണ് നിലവിൽ സബ്സിഡി അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly